**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ ഹാച്ചറിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഏറനാട് മണ്ഡലത്തിൽ RKVY പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഹാച്ചറി പൂർണ്ണമായും പ്രവർത്തന സജ്ജമാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | എടവണ്ണ ഹാച്ചറി പൂർണ്ണമായി പ്രവർത്തന സജ്ജമാകുമ്പോൾ ജില്ലയിലെ എഗ്ഗർ നഴ്സറികൾക്കാവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ജില്ലയിൽ തന്നെ വിരിയിച്ചെടുക്കുവാനും, കൂടാതെ ആതവനാട് കോഴിവളർത്തൽ കേന്ദ്രത്തിൽ അധികം വരുന്ന മുട്ടകൾ മറ്റ് ജില്ലകളിലെ ഫാമുകളിലേക്ക് കൊണ്ടു പോകാതെ ജില്ലയിൽ തന്നെ വിരിയിച്ചെടുക്കാനും സാധിക്കുന്നതാണ്. |
| (സി) | ഒന്നും രണ്ടും ഘട്ടങ്ങളായി നാളിതുവരെ എത്ര തുക പ്രസ്തുത പ്രവൃത്തിയ്ക്കായി അനുവദിച്ചിട്ടുണ്ടെന്നും രണ്ടാം ഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | ഒന്നാം ഘട്ടമായി 1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപയും, രണ്ടാംഘട്ടമായി 50,00,000/- രൂപയും (അമ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (ഡി) | ഹാച്ചറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം ഉണ്ടായ പുരോഗതി എന്താണെന്നും വെളിപ്പെടുത്തുമോ; | (ഡി) | ഹാച്ചറിയുടെ പ്രാരംഭ പ്രവർത്തനത്തിന് വേണ്ട കെട്ടിട സൗകര്യങ്ങളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. പ്ലംബിംഗ് & ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഹാച്ചറി നിലനിൽക്കുന്ന സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിനായി പഞ്ചായത്ത് വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ആയതിനുള്ള ധാരണാപത്രം നാളിതുവരെയും ലഭിച്ചിട്ടില്ല. ഹാച്ചറിയ്ക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുവാൻ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2 സെന്റ് സ്ഥലം പദ്ധതികൾക്കായി ലഭ്യമാക്കാമെന്ന് സമ്മതിച്ചുവെങ്കിലും ധാരണാപത്രം നാളിതുവരെയും ലഭിച്ചിട്ടില്ല. ആയതിനുള്ള ശ്രമങ്ങൾ പഞ്ചായത്ത് അധികാരികളുടെ സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. ഹാച്ചറിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുവാൻ ഒരു സ്പെഷ്യൽ ഓഫീസർ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പുതിയ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | ഹാച്ചറിയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ? | (ഇ) | ഹാച്ചറിയുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ ഓഫീസിൽ നിന്നും മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ